(ബി) ഉണ്ടെങ്കിൽ സ്പെഷ്യൽ റിക്രൂട്ട്മെൻറ് വഴിയുള്ള നിയമനത്തെസംബന്ധിച്ച് എന്തെല്ലാം അപാകതകളാണ് അതിൽ വിവരിച്ചിട്ടുള്ളത്;

(സി) ഈ അപാകതകൾ ഒഴിവാക്കാനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ഡി) പ്രമോഷൻ തസ്തികയിലേക്ക് സ്പെഷ്യൽ റിക്രൂട്ടുമെൻറു വഴി നിയമനം നടത്തുമ്പോൾ അതിലേക്കുള്ള ഉദ്യോഗാർത്ഥികളുടെ കുറഞ്ഞ പ്രായപരിധി പ്രസ്തുത തസ്തികകളിലേക്ക് ജനറൽ റിക്രൂട്ടുമെൻറു വഴി സർവ്വീസിൽ പ്രവേശിച്ച് പ്രമോഷൻ കിട്ടാൻ അർഹതയുള്ളവരുടെ ശരാശരി പ്രായമായി നിജപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതോടനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്ന കാര്യങ്ങൾ ഗവൺമെൻറ് വിശദമായി പരിശോധിക്കുകയും അവ നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി നടപ്പിലാക്കുവാൻ പ്രായോഗിക വൈഷമ്യമുണ്ടെന്നു കണ്ടതിനാൽ മേൽ നടപടികൾ സ്വീകരിക്കേണ്ടെന്ന് തീരുമാനിക്കുകയും ചെയ്തു.

(ഡി) 'സി' യുടെ ഉത്തരത്തിൻെറ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

കോൺഫിഡൻഷ്യൽ അസിസ്റ്റൻറുമാർക്ക് ഇൻക്രിമെൻറ് വെട്ടിക്കുറച്ചതായി പരാതി

1249 [1997] ശ്രീ. എസ്. തങ്കപ്പൻ പിള്ള:

,, വട്ടിയൂർക്കാവ് രവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1978-ലെ ശമ്പളക്കമ്മീഷൻ റിപ്പോർട്ടിൽ കോൺഫിഡൻഷ്യൽ അസിസ്റ്റൻറുമാർക്ക് കിട്ടിക്കൊണ്ടിരുന്ന ഇൻക്രിമെൻറ് വെട്ടിക്കുറച്ചു എന്നുള്ള പരാതി ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(സി) മുൻപ് കിട്ടിക്കൊണ്ടിരുന്ന ഇൻക്രിമെൻറ് അതേപടി നൽകാൻ വേണ്ട നടപടി എത്രയും വേഗം സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) കമ്മീഷൻെറ നിഗമനങ്ങൾ പുനഃപരിശോധിക്കാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല. ആ സ്ഥിതിക്ക് എന്തെങ്കിലും നടപടി എടുക്കേണ്ട ആവശ്യമുണ്ടെന്ന് കരുതുന്നില്ല.

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly